# Academic Masterplan

## School Level

St. Mary's LPS Aruvithura

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർപ്ലാൻ
## സ്കൂൾതലം

ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട അറിവും കഴിവും അതാത് ക്ലാസിൽ വെച്ചുതന്നെ നേടി എന്ന് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്രഗുണമേന്മ വിദ്യാഭ്യാസം എന്ന പദ്ധതി ഗവൺമെന്റ് ആസൂത്രണം ചെയ്തിരിക്കുന്നത്. ആവശ്യമായ പിന്തുണ നൽകി കുട്ടികളെ പഠനത്തിൽ മുന്നേറാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

സമഗ്രഗുണമേന്മ വിദ്യാഭ്യാസപദ്ധതിയിലൂന്നിക്കൊണ്ട് 2025-2026 സ്കൂൾ വർഷം അരുവിത്തുറ സെന്റ് മേരീസ് സ്കൂളിൽ നടപ്പിലാക്കേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും സ്കൂൾതലത്തിൽ ഒരു അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും ചെയ്തു. അതനുസരിച്ചുള്ള കാര്യങ്ങൾ രേഖപ്പെടുത്തുന്നു.

### ക്ലാസ് തല അക്കാദമിക മാസ്റ്റർ പ്ലാൻ

1, 2, 3, 4 ക്ലാസുകളിലെ അധ്യാപകർ എല്ലാ വിഷയങ്ങൾക്കും ക്ലാസ് തല അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു.

### വ്യക്തിഗത മാസ്റ്റർ പ്ലാൻ

ഓരോ ക്ലാസ് ടീച്ചറും ഓരോ കുട്ടിക്കും വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. "എന്റെ കുട്ടി" എന്ന പേരിലാണ് ഇത് തയ്യാറാക്കുന്നത്. ഓരോ കുട്ടിയും ഏത് മേഖ

Scanned with OKEN Scanner

സാഹചര്യങ്ങളും അക്കാദമിക നിലവാരവും പിന്നോക്ക ആവശ്യമായ മേഖലകളുമെല്ലാം ഇതിൽ രേഖപ്പെടുത്തുന്നു.

## ദിനാചരണങ്ങൾ

ഓരോ മാസത്തെയും പ്രാധാന്യമുള്ള ദിവസങ്ങൾ കണ്ടെത്തുകയും അവയുടെ പ്രാധാന്യം കുട്ടികളുടെ അറിവിലേക്ക് എത്തിക്കുകയും സ്കൂളിൽ ആചരിക്കുകയും ചെയ്യുന്നു. ക്വിസ്, പോസ്റ്റർ നിർമ്മാണം, പ്രസംഗം, വായനക്കുറിപ്പ് തുടങ്ങി വിവിധ മത്സരങ്ങളും മറ്റു പ്രോഗ്രാമുകളും അവയോടനുബന്ധിച്ച് നടത്തുകയും ചെയ്യുന്നു.

## വായനയ്ക്കുള്ള പ്രോത്സാഹനം

കുട്ടികളിൽ വായനയ്ക്കുള്ള താൽപര്യത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നു.

പത്രവായന: കുട്ടികളുടെ പത്രവായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി "ലിറ്റിൽസ്റ്റാർ" എന്ന മത്സരം നടത്തുന്നു. ഒരാഴ്ച പത്രവായന നടത്തി ആഴ്ചയിലെ അവസാന ദിവസം നടത്തുന്ന പരീക്ഷയിൽ വിജയിക്കുന്നവർക്ക് "ലിറ്റിൽസ്റ്റാർ" എന്ന പദവി നൽകുന്നു.

ലൈബ്രറി: കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലാസ് ലൈബ്രറികൾ തയ്യാറാക്കുന്നു. വായനക്കായി 3-ാം ക്ലാസിലെയും നാലാം ക്ലാസിലെയും കുട്ടികൾക്ക് പുസ്തകങ്ങൾ നൽകുന്നു.

## English ഭാഷാ നൈപുണി

കുട്ടികളുടെ ഇംഗ്ലീഷ് ഭാഷയിലുള്ള നൈപുണി വികസിപ്പിക്കുന്നതിന് വേണ്ടി Hello English Krd എന്നൊരു പ്രോഗ്രാം നടത്തുന്നു. Spoken English

പ്രാക്ടീസ് നൽകി ഇന്റർവ്യൂ നടത്തി
Hello English Kid. നെ തിരഞ്ഞെടുത്തു.

## വിവിധ ആക്ടിവിറ്റികൾ

കുട്ടികളുടെ കലാപരവും കായികപരവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കരാട്ടേ, റോളർ സ്കേറ്റിംഗ്, ഡാൻസ്, സംഗീതം, സ്പോർട്സ് എന്നിവയിൽ കുട്ടികൾക്ക് പ്രാക്ടീസ് നൽകുന്നു. സ്കൂൾ വാർഷികത്തിൽ ഇവയുടെ എല്ലാം അവതരണവും നടത്തുന്നു.

## കുട്ടികളുടെ അക്കാദമിക നിലവാരം.

കുട്ടികളുടെ അക്കാദമിക നിലവാരത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി class test, midterm test, termly exam എന്നിവ നടത്തുന്നു. കുട്ടികളുടെ നിലവാരം മാതാപിതാക്കളെ അറിയിക്കുന്നതിനായി class PTA കൾ സംഘടിപ്പിക്കുന്നു.

## പഠന പിന്നോക്ക അവസ്ഥയുള്ളവർ

ഓരോ ക്ലാസിലെയും പഠന പിന്നോക്ക അവസ്ഥയുള്ളവരെ കണ്ടെത്തി അവർക്ക് പ്രത്യേക പരിഗണന നൽകുകയും വേണ്ട പിന്തുണ നൽകുകയും ചെയ്യുന്നു. അധ്യാപകർ 9 മണിക്ക് തന്നെ ക്ലാസിൽ എത്തി പിന്നോക്ക അവസ്ഥയുള്ള കുട്ടികൾക്ക് പഠനസഹായം നൽകുന്നു. അവർക്കുണ്ടാകുന്ന പുരോഗതി രേഖപ്പെടുത്തുന്നു.